സ്വദേശാഭിമാനി

രാമകൃഷ്ണപിള്ളയുടെ

രണ്ട്

ദേശീയ ഗാന മഞ്ജരികൾ



പ്രസാധകൻ

പ്രൊഫ. സി. കെ. മൂസ്സത്

സുദർശൻ, താരേക്കാട്, പാലക്കാട് — 1.

വില 3 ക.

സമർപ്പണം

കേരളഗാന്ധി

ശ്രീ കേളപ്പൻ

ജൻമശതാബ്ദി സ്മരണയ്ക്കു മുമ്പിൽ

സ്വദേശാഭിമാനി

രാമകൃഷ്ണപിള്ളയുടെ

രണ്ട്

ദേശീയ ഗാന മഞ്ജരികൾ



പ്രസാധകൻ

പ്രൊഫ. സി. കെ. മൂസ്സത്

സുദർശൻ, താരേക്കാട്, പാലക്കാട് — 1.

വില 3 ക.

Malayalam

RANDU DESEEYA GANA MANJARIKAL

(National Songs)

By

Swadesabhimani
Ramakrishna Pillai

Copies 500

Publisher

Prof. C K. MOOSAD

Tharakad, Palghat - 1

Printed at
Ravi Printers, Palghat
1988.

ആമുഖം

തീരുവിതാംകൂർനിന്നും രാജദ്രോഹത്തിനു വിചാരണകൂടാതെ ശിക്ഷയായി നാടുകടത്തപ്പെട്ട രാമകൃഷ്ണപിള്ളയ്ക്കു പാലക്കാട് തരവത്തു വീട് അഭയം നൽകി. കൃഷിശാസ്ത്രം, ഭാഷാ വ്യാകരണം, പത്രപ്രവർത്തനം എന്നീ വിഷയത്തെപ്പറ്റി ആധികാരിക ഗ്രന്ഥങ്ങൾ രചിച്ച രാമകൃഷ്ണപിള്ളയ്ക്കു സ്വദേശാഭിമാനി എന്ന ബിരുദം പാലക്കാട്ടു പൗരന്മാർ എന്തുകൊണ്ടു നൽകി എന്നതു വ്യക്തമായിരുന്നില്ല. സ്വാതന്ത്ര്യസമരത്തെപ്പറ്റി രാമകൃഷ്ണപിള്ളയുടെ ജാമാതാവ് ഏ. കെ. പിള്ള ഒരു പുസ്തകമെഴുതിയിട്ടുണ്ട്. തത്സംബന്ധമായ അന്വേഷണത്തിൽ ആർ. പി. ബി. ഏ. എന്നപേരിൽ രണ്ടു സ്വാതന്ത്ര്യഗാന മഞ്ജരികൾ കാണാൻ കഴിഞ്ഞു. പാലക്കാട്ടുകാരൻ ടി. ആർ. കൃഷ്ണസ്വാമി അയ്യരുടെ വക ഒരു ദേശഭക്തി ഗാനമഞ്ജരിയും തിരുവനന്തപുരത്തുവെച്ചു കണ്ടുകിട്ടി. സ്വാതന്ത്ര്യസമരചരിത്രമെഴുതി എങ്കിലും പുത്തൻകോൺഗ്രസ്സുകാർക്ക് അതിൽ ഉത്സാഹം കുറഞ്ഞു കണ്ടപ്പോൾ ദേശഭക്തിഗാനങ്ങൾ പാലക്കാടുമായി ബന്ധപെട്ടവരുടെതാണെന്ന നിലയ്ക്കു സ്വന്തമായി പ്രസിദ്ധപ്പെടുത്താമെന്നുവെച്ചു. രാമകൃഷ്ണപിള്ള 1916 മാർച്ച് 18ന് അന്തരിച്ചു കഴിഞ്ഞു. ആർ. പി. ബി ഏ. യുടെ ദേശഭക്തി ഗാനമഞ്ജരിയുടെ രണ്ടാം പതിപ്പിലെ ആദായം വൈക്കം സത്യാഗ്രഹ ഫണ്ടിലേക്കു പോകുന്നു എന്നും, ഗാന്ധി സൂക്തങ്ങളുടെ ഉപോൽഘാതത്തിൽ പിൽക്കാല സഹകരണ ത്യാഗ കാര്യങ്ങളും മറ്റും പ്രസ്താവിച്ചു കാണുന്നു എന്നതും മനസ്സിലാക്കിയപ്പോൾ, എങ്ങിനെഈ വസ്തു

തുത രാമകൃഷ്ണപിള്ളയുടെജീവിതവുമായി സമര
സപ്പെടുത്താമെന്നുചിന്തിച്ചുപോയി. സംശയനിവൃ
ത്തിയ്ക്കു ചിലർക്കെഴുതി. ശൂരനാട്ടു കുഞ്ഞൻ
പിള്ള അയച്ചതന്ന മറുപടി പുസ്തകത്തിൽഒട്ടുവിൽ
ചേർത്തിട്ടുണ്ട്. സ്വദേശാഭിമാനി കെ. രാമകൃഷ്ണ
പിള്ളയെ കുറിച്ചു കൂടുതൽ വിവരങ്ങൾ ഗ്രന്ഥ
കാരന്റെ സാഹിത്യവീക്ഷണം എന്ന ഗ്രന്ഥ
ത്തിലും, കവികുലഗുരു പി. വി. കൃഷ്ണവാരി
യരെ സംബന്ധിച്ച ഗ്രന്ഥത്തിലും കൊടുത്തതു
കൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

ഏതായാലും ടി. ആർ. കൃഷ്ണസ്വാമി അയ്യ
രുടെ ഗീതങ്ങൾ ആദ്യം പ്രകാശനം ചെയ്യേണ്ടിവന്നു.
അന്നു കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻ
സലരടക്കം പലരും എന്നെ അഭിനന്ദിച്ചിരുന്നുതാ
നും. കവിതതന്നെ കഷ്ടിയെന്നു ചിലർ കല്ല്കടി
ച്ചെഴുതിയതും മറച്ചുവെക്കുന്നില്ല. പാലക്കാട്ടെ ഒരു
എം. എ. ബി. എൽ കാരൻ തീണ്ടൽപ്പാട്ടായി:—

മത്സ്യമാംസക്കൊഴുപ്പെടുത്തു മുക്കിനന്നായ്—
നെയ്തതുണി

ക്ഷേത്രങ്ങളിൽ കോടിയായി ഉടുത്തു നിങ്ങൾ—
പോയിടാമോ?

*　　*　　*　　*

പറയൻ ചാമി നിറച്ചവെള്ളം സോഡയെന്നു—
കഴിച്ചവന്ന്

പാച്ചിക്കാളിയടുത്തുവന്നാൽ അശുദ്ധമാവാൻ—
ബന്ധമുണ്ടോ?''

എന്നെഴുതാൻ ധൈര്യപ്പെട്ടുവല്ലോ.

കേരള ദേശഗീതത്തിൽ ;-

'' കേരളദേശത്തിൻ നാമത്തെ കേൾക്കുമ്പോൾ
കോപമയിർക്കൊള്ളുന്നു ദേഹമെല്ലാം
അന്യർകൾ ദേശത്തിൻ വീര്യത്തെ യോർക്കുമ്പോൾ
ധൈര്യമുദിക്കുന്നു ചിത്തരംഗേ ''

* * * *

തുഞ്ചൻ പിറന്നമലയാളമിതു
കുഞ്ചൻ ഉദിച്ച ശ്രീ കേരളം
വഞ്ചിപനാം കവി രാമവർമ്മൻ മുതൽ
വമ്പർ ജനിച്ച മലയാളം
വേദത്തിൻ കാതലാം സൂത്രഭാഷ്യം ചെയ്ത
ആചാര്യ ശങ്കരൻ പിറന്നദേശം
നാടത്തിൻ രൂപത്തെ പ്രത്യക്ഷമാക്കിയ
രാഘവരാടിയാം ഗായകരും ''
എന്നെഴുതിയ കൃഷ്ണസ്വാമിഅയ്യരുടെ ഗീതം
എനിക്കിഷ്ടമായി.

അതെന്തുമാകട്ടേ, രാമകൃഷ്ണപിള്ള ദേശഭക്തിഗാനങ്ങളും രചിച്ചിരുന്നു 1916നു മുമ്പു തന്നെ എന്നതാകാം കൃഷ്ണസ്വാമി അയ്യരെ താദൃശ ശ്രമത്തിനു പ്രേരിപ്പിച്ചിരിക്കുക എന്നും ഞാൻ ഊഹിക്കുന്നു. ഗാന്ധിയെക്കുറിച്ചു 1916നു മുമ്പു തന്നെമലബാർ കവികളും ചിന്തീച്ചിരുന്നു എന്നതിനുതെളിവുണ്ട്. 1907കാലത്തു അന്തരിച്ച 1083 ചിങ്ങം ലക്കം ഭാഷാപോഷിണിയിൽ വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'വർഷാചനദ്രൻ' എന്ന കവിത കർമ്മചനദ്രഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ യാതനകളെക്കൂടി മനസ സിൽ കണ്ടെഴുതിയതാണ്.

ഉള്ളത്തിൽ സുഖമേകു മാരുദിതനാം.
നിന്നെപ്പടിഞ്ഞാറെഴും
വെള്ളക്കാർ പിടപ്പെട്ടു ഗോനിര തടു-
ത്തയ്യോ കുഴങ്ങുന്നതോ!
കൊള്ളക്കാരിവ രസ്തമിക്കു മൊരുനാ-
ളന്നത്ഭുതശ്രീരസം
തള്ളട്ടേ നവതാത! ഭാരതമഹീ
സൗഭാഗ്യഭാഗ്യപ്പടി

* * * *

നന്നായ്ക്കാററിഹ ലോക നാടക സഭ-
യ്ക്കദ്ധ്യക്ഷനങ്ങോരുവ-
ന്നൊന്നായിട്ടു വലിച്ചു വീശി വിടുമേ
മേഘത്തിര ശീലയേ:
അന്നാളത്ഭുത ഹാസഘോടതിൽ കവി-
ഞ്ഞാകാശരംഗത്തിൽ വെ-
ച്ചൊന്നാമൻ നടനെന്ന പേരു പുലരും
വംണ്ണം കളിച്ചീടുനീ-

(കൊ. വ. 1064 കുംഭത്തിൽ ജനിച്ച വി. സി. ഈ കവിത പ്രസിദ്ധീകരിക്കുമ്പോഴം 18 വയസ്സു മാത്രമായിരുന്നു പ്രായം. ആ നിലയ്ക്കു 1913നു മുമ്പ് രാമകൃഷ്ണപിള്ള ഗാനധിഗാനങ്ങളം രചിച്ചു എന്നത് അത്ര അവിശ്വാസ്യമൊന്നുമല്ല. ഏതായാലും ഈ ഗാനങ്ങളുടെ കർത്തൃത്വം മുൻനിർത്തി **സ്വദേശാഭിമാനി** എന്ന ബഹുമതിപാലക്കാട്ടുകാർ രാമകൃഷ്ണപ്പിള്ളയ്ക്കു കൽപിച്ചു നൽകിയതു സമുചിതമായിട്ടുണ്ട് എന്നുമാത്രം പറഞ്ഞു നിർത്തട്ടെ.

പ്രൊഫ. സി. കെ. മൂസ്സത്

ഒന്നാം ഭാഗം

ദേശീയഗാന മഞ്ജരീ

ഗ്രന്ഥകർത്താ

ആർ. പി ബി. എ.

എസ്. വി. പ്രസ്സ്

വില ചക്രം 4

ഇതിന്റെ പ്രതികൾ മാലയിൽ പുസ്തക വ്യാപാരം എസ്. സുബ്ബയ്യാപിള്ളയോട് അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

ആദായത്തിൽ ഓഹരി വൈക്കം സത്യാഗ്രഹ ഫണ്ടിലേക്കാകുന്നു.

വന്ദേമാതര ഗാനങ്ങൾ

ഗാനം 1

നവരസം ത്രിപുട

വഞ്ചിഭൂമിപതേചിരം.....എന്ന മട്ട്

വന്ദേമാതരം
ഇന്ദിരാമന്ദിരായിതാം (വന്ദേ)

ഹൈമവതി നിഷേവിതാം ഹൈമവതേതി
വിഖ്യാതാ
സർവസസ്യസമ്പദാഢ്യാം സർവമുനി
മണ്ഡലോദ്യാം
സർവധർമ്മ പ്രശംസികാം സർവ പുണ്യ
പ്രസൂതികാം
സർവവിഹംഗകലാലാപാം സർവതാരാഹാര
കലാപാം
(വന്ദേ)

ഗാനം 2

ശഹനചായ്പ്

അയ്യംപളനിമലൈവേലാ ...എന്ന മട്ട്

1 തായേ ഹരിതരുചികായേ—വര
മാമുനിമാർകുല ഗേയേ
സൌഭാഗ്യശാലിനി നീയേ—ഗാന്ധി
ക്കമ്മയായോ ഇതിമായേ (തായേ)

2 ശ്യാമേത്രി ജഗതി രാമേ—ഫുല്ല
പുഷ്പാഞ്ചി തദ്രുമസ്തോമേ
പ്രേമാർണവോദിതവാമേ—കള
കണ്ഠീര വാഞ്ചിതാരാമേ (തായേ)

3 സ്വാദിഷ്ഠം സൽഫല മൂലേ—പുരു
പുണ്യതരംഗിണീജാലേ
ലോകോത്തരഗുണശീലേ
നിനക്കാമയമെന്തിനിക്കാലേ? (തായേ)

4 പ്രകൃഷ്ടാളിതാഖിലപാപേ—മരു
ഭാഗ്യാർക്കതീവ ദുരാപേ
ദാസ്യംകൊതിച്ചു സമീപേ—വാഴും
ഗാന്ധിയെപ്പാർക്കസുലാവേ (തായേ)

ഗാനം 3

പത്തിനികർണ്ണകിയേ ...എന്ന മട്ട്

എന്തിനു ബാഷ്പവർഷം—തായേ
ഹന്തനീ ചിന്തിടുന്നു?
വീരപ്രസൂതികേ സ്വാചരനാശമോ—
ർത്തയ്യോ നീ മാഴ്കിടേണ്ട (എന്തിനു)

മംഗല്യധാമമാകും—വീര
പുംഗവൻ നിന്റെ പുത്രൻ
തുംഗാനുഭാവേന ജീവിച്ചിരിക്കവേ
ദുഃഖം—തേ സാഗതമോ? (എന്തിനു)

കല്യശ്രീ പൂണ്ടിടുന്ന നല്ലബാലകനേകൻപോരും
ശല്യങ്ങളെല്ലാമേ തീർത്തുതേ കല്യാണം
നൽകുവാൻ സച്ചരിതേ (എന്തിനു)

ദാരിദ്ര്യപീഡയാലുംപരാ സ്വാതന്ത്ര്യ
നാശത്താലും
മാഴ്കും നിൻ പുത്രരെ യുദ്ധരിച്ചീടുവാൻ
ഗാന്ധി പര്യാപ്തനത്രേ (എന്തിനു)

ഗാനം 4

ഹിന്ദുസ്ഥാനി തോടി — ആദി

മൻറുളാടിയവാ — എന്ന മട്ട്

പല്ലവി

ഭാര – തോർവിയാളെ! ജയ
ശ്രീരമണോത്സംഗഭൂവി സ്ഫാരകാന്ത്യാ
വിലസിടുന്നോരു (ഭാര)

ഭൂരികലാളീകലിതകലാപേ, സൂരികലാദൃത
ജ്ഞാനസ്വരൂപേ
പൈരിബീഭീഷണ ദിവ്യപ്രതാപേ
മുനികുല സേവിത പാദേ
നതജന പാലന നിപുണേ
കന്മഷൗഘലവിത്രേ! വിചിത്ര സൽശ്ലാഘനീയ
പവിത്ര ചരിത്രേ നിൻ
കീർത്തനം പാടീട്ടു നർത്തനം ചെയ്യുന്നു
വാനവ വനിതകൾ സതതം തതികണ
തദ്ധോ മെന്നായ് (ഭാര)

ഗാനം 5

പാണ്ടിയോനെൻറു മീനാക്ഷി — എന്ന മട്ട്

ശർമ്മദേ! ധർമ്മഭൂദേവി; ശോഭനം താൻ തവഭാവി
നിന്മകൻ ഗാന്ധിമധാവി വാഴ്വതു കാൺ
ശുഭംതാവി (മേദുര ശർമ്മദേ)

തോഹര

ഘോരതാപ വാരിധിയിൽ നിമഗ്നയായി
പരിഭവിച്ചിരിപ്പതുനന്നോ
ദീനദൈന്യ ദമനൻ തവ സൂനുവായ്
വന്നാൽ–തായേ! തായേ! തായേ!

ഭാസുരേ! ഭാവഗംഭീരേ! കാൺക നിൻ
പുത്രരേ ധീരേ
ആത്മീകായോധനേ ഘോരേ! ശീഘ്രമേർപ്പെട്ടതും
നേരേ

(മേദുരശർമ്മ)

സാധുലോക സിനന്ധുഹംസമായ് വാളങ്ങും
യതിക്കുലാവതംസം ഗാനന്ധി
നേതൃത്വമാർന്നു വാഴ്കവേ കിമുഖേദമയിതേ
തായേ! തായേ! തായേ! (മേദുരശർമ്മ)

ഗാനം 6

ബിഹാഗ് ചായ്പ

അംബികേ ഉന്മകൻ ഗുഹൻ.....എന്നമട്ടു്
ഭാവയേ ഭാരതാവനീം
ഭാവനോത്സംഗ സംതാം (ഭാവയേ)

1 വാമ ഭാഗസ്ഥിതയായ്
തൂമലർ മാനിനിതേ
തൂമചേരും പുകഴിൻ
സ്ഫൂർത്തി വാഴ്ത്തി വാണിടുന്നു (ഭാവ)

2 ദക്ഷിണ ഭാഗസംസ്ഥയാ
യക്ഷയജ്ഞാന രാശിയാം
നാന്മുഖ ഭാഗ്യവല്ലി
തന്മണി വീണമീട്ടി
നിന്മഹിമാനപുരം
പാടിപ്പാടി വാണിടുന്നു (ഭാവ)

3 ഉമ്പർ കോൻ കുമ്പിടും സർവ്വ
സമ്പദാം മൂല മാകിയ
നിമ്പദം തേടിടുന്നോ-

രെൻപതി ഗാന്ധിതന്നെ
തമ്പുരാട്ടീ തുണയ്ക്ക
തുമ്പമമ്പൊടാശു നീക്കി (ഭാവ)

ചർക്കാസ്തവം

ഗാനം 1

പഞ്ചാമൃതം തേൻമകിഴും.....എന്നമട്ടു്
പഞ്ചാമൃതം തഞ്ചിടുന്ന ഗാനമെന്തിഹ കേൾപ്പതു
പ്രേമത്തിൻ തൂവിളിയോ?
ത്യാഗധ്വാനാവളിയോ?
മുറയ്ക്കുനൂൽച്ചക്രം കറക്കുന്നേരത്തും
പരക്കും സ്വരാജ്യ മുഴക്കംതാനിതു (പഞ്ച)

കല്യാണിനീ! ഭാരതാംബേ!
കാന്തിയെന്തിതു നിർഭരം?
അർക്കായുത പ്രഭയോ?
കാലക്കൊടുങ്കനലോ
തെരിക്കുന്നിദ്ധര പരക്കെക്കാണ്മതു
ധരിക്ക! ഗാന്ധിതൻ തപസ്സിൻ കാന്തിതാൻ

ഗാനം 2

സ്വാതന്ത്മീക പോരാട്ടു്.....എന്നമട്ടു്
സാത്വിക സംഗ്രാമ സംഭാരമേ—ഗാന്ധി
ചക്രായുധ പരിവർത്തനമേ
കർണ്ണപീയുഷമാംതന്മൃദുഗാനമേ
ദിവ്യമാം പ്രേമത്തിൻ സമാഹ്വാനമേ
ക്ഷേമവർദ്ധകം; പ്രേമപൂരകം
കേൾപ്പവർക്കതുല—ഹരിഷ്ം സന്തുഷ്ടിദാം
പുഷ്ടിദം, മൃഷ്ടിദം.

ഭാരതസന്താന വല്ലികളേ ചിക
മേന്തിടുതം ഭാരതാംബയാളെ
മോചിപ്പാൻവേഗം നിങ്ങടം കൈയോടുകൈ
കോർത്തധുനാ—വീതശങ്കം—പോകസുഖം
പോ—പോ—പോ (നാത്രി)

ഗാന്ധിസ്തവം

ഗാനം 1

കമാസ് ചായ്പ്

ഗാന്ധിമഹാത്മാ ഭുവിവാഴണേചിരം
അനുപല്ലവി (ഗാന്ധി)

വന്ദനീയ സൽഗുണ
മന്ദിരമാകിയ
ചരണം (ഗാന്ധി)

പൂമാതിൻ വിലാസശ്രീ
പുണ്യയാമിബ് ഭൂമിയിൽ
പൂർണ്ണമായ് പുലർത്തുവാൻ
പൂവൽ മെയ് വാട്ടിടുന്ന (ഗാന്ധി)
ആത്മ രാമനായ് നിത്യംലോക ക്ഷേമാർത്ഥം
നിജ
മാത്മ സൗഖ്യാദികം ദൂരെക്കൈവെടിയുന്ന
(ഗാന്ധി)

ഗാനം 2

രാഗം വേകട ചായ്പ്

ഇവനംതാൻ ഇവനംതാൻ..... എന്നാമട്ടു്

1 വിലസീടുക നിത്യം വിമലൻ വിശാലധീ
വിജിതാഖില ശത്രു നിവഹൻ

2 സമഭാവനയാലേ സകലസമാദരം
സഹസാ സമാർജിച്ച സുകൃതി (വീല)

3 നിജ ദേശീയ സൗഖ്യം കരുതി, ട്രാൻസ്വാൾ ദേശേ
അതിസാഹസം ചെയ്ത മതിമാൻ (വീല)

4 തരുണാരുണ കാന്തി, തരുണിയാളൊടു ചേർന്നു
സഹിച്ചോരു സങ്കടങ്ങൾ കൃശമോ? (വീല)

5 സുവർണ്ണത്തൂലികകളാൽ ഗാനധേ! നിൻനാമ
മെന്നും-ഭുവനസഞ്ചരിത്തത്തിൽ വിളങ്ങും (വീല)

ഗാനം 3

ചരണ കമലാലയത്തിൽ.....എന്നമട്ടു്

നിഖിലജനാരാധനീയ നിരുപമശ്രീ
ഗാന്ധിമഹാൻ
നിരവധിക സൗഖ്യമാർന്നു-വിലസേണം (നിഖി)

മനുജകുലാദർശമാകും മധുമധനകീർത്തഹീരാം
മഹിതകീർത്തി പെറ്റുചിരം വിജയിക്ക
(നിഖി)

സകല ഭൂത സഞ്ചയത്തിൽ സമുദിത
സോദര്യ ബുദ്ധ്യാ
സമധികസൽ പ്രേമമാർന്ന ശുഭമൂർത്തി (നിഖി)

സർവ്വലോക സൗഖ്യത്തിനായ് സ്വകീയജീവിതം
സമർപ്പം
സവനംചെയ്യും സപത്ന സപത്നി സമകാന്തി
(നിഖി)

പ്രചുര പ്രഥപൂണ്ട പ്രയത്ന വിപുല വിദ്വൽ
പ്രാഗ്ര്യർപേക്ഷലും
പ്രഥുല പ്രതിഭാനവിതേതേ സമരാകാ (ന്ഖില)

ഗാനം 4

രാഗം എരിക്കാലക്കാ മോദരി ചായ്പ്

കമനിമണിയ വാം.....എന്നമട്ടു്

ധർമ്മൈക പദീപാന്ഥ — നിർമ്മായം വിലസുക
നിർമ്മല ഗുണ വസതേ
നിർമ്മമഭാവമാർന്നു — ധർമ്മഭൃത്യർത്ഥമായ്
കർമ്മങ്ങളനാരതം ചെയ്യുന്ന മഹാഭാഗ (ധർമ്മൈ)

ചിന്മയമാകുംപര — ബ്രഹ്മണി രമിക്കുന്ന
സമ്മതിയേലും ഭവാൻ
വെൺമതി കിരണംപോൽ — വെൺമതിരളുന്ന
മഹിതകീർത്തി പടത്തിനാലുടൻ
മഹിയെയാകെയലങ്കരിക്കുക (ധർമ്മൈ)

ഗാനം 5

ചെഞ്ചുരുട്ടി ഏകതാളം

പാലഭിഷേകം പഴനിമലൈയപ്പൻ.....എന്ന മട്ട്

മാനാതിഗ കാന്തി ഗാന്ധി മഹാത്മജി
മാഹാത്മ്യമോതുവാനാവതല്ലേ

അനുപല്ലവി

ശാന്തിപ്രകാശൻ പ്രീയേശു സങ്കാശൻ
വിപുല വിഖ്യാതി സംപൂരിതാശൻ

ശ്രീലൻ സുശീലൻ സുജനാനുകൂലൻ
ഈശപാദാംബുജ സേവാവിലോലൻ
ദൂരിത ഭാരത ദാരുണതാപൻ
ശ്രീവിജിതാനംഗ മോഹന ഗാത്രൻ
ധീരനുദാരധി സിന്ധു ഗഭീരൻ
പാരാതി ഗാഗമ ജ്ഞാന പൂരൻ
തോഹര
മാംഗല്യ തുംഗപയോധി സമുത്ഭവേശ്രീ
രാകാനിശാകര നഞ്ചിതകലാ കലാപൻ
സകലചരാചര നിഹിത പ്രേമ്ണാ
വിജിത ജഗത്രയ വിദ്വന്മകുടം
ആനന്ദവല്ലീയാമംബിക തൻകൃപാ
പൂരത്താൽ മേൽക്കുമേൽ രാജിക്കണേ (മാംഗ)

ഗാനം 6
രാഗം കമാസ് ആദി

വനജാക്ഷനീ സൂഡരേ.....എന്നമട്ട്
പല്ലവി
ഭാരതീയ പുണ്യപൂരമേ-ഭുവി വിലസുക നിരുപമ
ഭാരതീയ പുണ്യ പൂരമേ
അനുപല്ലവി
പുണ്യഭൂവെന്നിവിഖ്യാതി വളർത്തതാ
മാര്യാവർത്തത്തിൻ മഹിമ—പുലർത്തുന്ന (ഭാര)
ചരണം
ആശാവിലാസിനി—മാലികമാരുടെ
യാശുകമാകുന്ന—കീർത്തി വളർത്തുന്ന (ഭാര)
ധർമ്മഭൂമിക്കമനന്ദ—ശർമ്മമിയറിടുവാൻ
ധർമ്മ തന്ത്രത്തേ ധരിക്കും കൃപാലയ (ഭാര)

ഗാനം 7

പത്തൊമ്പതാം ആറ്റുക്കുമേൽ.....എന്ന മട്ട്

വിഷ്ടപത്തിങ്കൽ വിളികൊണ്ടസൽകീർത്തി, ദയാ
വൃഷ്ടി പൊഴിച്ചിടുന്ന ശാന്തവിലോകനവും
പൃഷ്ടി സന്തുഷ്ടിയാർന്ന ചിത്തവും
ദുഷ്ടകർമ്മത്തിൽമാത്രം ദ്വേഷവും
പ്രവൃദ്ധോപജ്ഞ സഹനായോധന പ്രകാരേ
സാവധാനമേർപ്പെടുവാൻ തക്കതാം ധീരതയും
ശുക്രമുനി തന്നൊടൊത്ത നീതിയും
ശുക്രഗുരു തന്മതി പ്രകർഷവും
ധർമ്മരാജാവിനെയും നാണിപ്പിച്ചീടുമാര്യ-
ധർമ്മമർമ്മജ്ഞതയും കർമ്മ പ്രവീണതയും
രന്തിദേവനുന്നുടയ ദാനവും
അന്തകാരിക്കൊഴും വൈരാഗ്യവും
ഭാനുകുലാവതം സമാകും ഹരിശ്ചന്ദ്രനു-
മൂനമിയറ്റിടും സത്യസന്ധാന സാമർത്ഥ്യവും
നാരദർഷിക്കൊത്ത തീവ്രകോപിയും
വാരിജബന്ധുവിൻറെ കാന്തിയും
സർവ്വജനചിത്തക്കുമുദോല്ലാസിയാകും സുമിത
ചന്ദ്രികയാലഞ്ചിതമാമോമൽ തിരുമുഖവും,
ജ്ഞാനരശ്മി ചിന്തിടുന്ന നേത്രവും,
ദീനജനപാലനാദി വാഞ്ഛയും,
ഭാരതലോകാ ലഘുതാപ സംഹാര വാഞ്ഛാ-
പൂരിതമായ ഹൃത്തും, സർവ്വോത്തര പ്രേമവും
ചേർന്നു കളിയാടിടുന്ന ഗാന്ധിജി
യ്ക്കിന്നുനേരാരുലകിരേഴിലും.

ഗാനം 8

യദുകുല ഗാംബോധി രുദി
കല്ലാർക്കും കുറവർക്കും..... എന്ന മട്ട്

1 കൂറാർക്കും കൂടലർക്കും കുശലേച്ഛവാം
കുശലിൻ
കുണ്ഠർക്കും കോവിദർക്കും വഴികാട്ടിടും സുമതേ

2 നാട്ടാർക്കു നാനാവിധനലമരുളും - നയജ്ഞ
നീണാൾ നീ നിരവധിക – സൗഖ്യമോടും വാഴ്ക

3 ത്യാഗ കൽപതരുപ്പിൻെറ - തണലിൽ വാഴും
തപസ്സ്വിൻ
തരസൈവ തർഷാബ്ധി-തടമറെയ്ക്കും തരിയേ

4 കലിമാഷക്കാറിനുടെ കലമറുക്കും കാറേ
കല്യാണി നീ ഭാരതാംബയ്ക്കരുളുക നീ
കുശലം

ഗാനം 9

ചേലിയന്നാലു നി എന്നമട്ട്
പല്ലവി

ഭാരത ഭൂദേവി ഭാഗധേ — യാം ബുധി
ശാരദേനോദോ! ജയ — ശ്രീ (ഭാരത)

ചരണം

1 ഭവതാപാപഹമായ
തവ ചാരുകീർത്തനം
ഭൂവനത്തിന്നവികല
സുഖമേകുന്നു — ഭു (ഭാരത)

2 ബുധലോക മനോഭൃംഗ
സരസീജായിത! തവ
മധു നിഷ്യന്ദിയാം വാണി
ജയിച്ചീടുന്നു — ശ്രീ

3 സ്ഫുരൽകാന്തി ഭരാൽപിത
വരഭാനോ ഭൂതലേ
ചിരംജീവ! ദുരിതാദ്രി
ദാരക! സുഖം ശ്രീ (ഭാരത)

ഗാനം 10

രാഗം ലളിതാംഗി ചായ്പ്

ദിനമേ സുദിനമേ എന്നമട്ട്

പല്ലവി

കുശലം കുശലംതേ ധീമതാമഗ്രേസരഭൂരി
കുശലം കുശലംതേ

അനുപല്ലവി

വിമലാഭകലർന്നോരു
തവചാരുമുഖ സോമൻ
മമഹൃത്തിലുദിക്കവേ
യകലുന്നുതമോഭരം (കുശലം)

ചരണം

ഒരുപോതു, ഹൃദിഹിംസാ
പരമാം ജീവിതത്തിൽമേ — തെല്ലും
രുചിയിന്നു മുളയ്ക്കായ്വാൻ
തവനാമസ്മൃതിപോരും
പ്രചുര ശ്രീ ഭരാഞ്ചിത
തവപാദം പണിയുന്നേൻ (കുശലം)

ഗാനം 11

ഹിനന്ദുസ്ഥാനി തോടി. തധ്രുപതാളം

(മങ്കമാർ മാർവിലണി എന്നമട്ട്)

1 കല്യാണവാരിനിധി ശാരദ ശശാങ്ക സാക്ഷാൽ
കല്യാണദായക! മനോഹര കഥാമൃതംതേ
കല്യാത്മനാമതുല നിർവൃതിഭരം മഹാത്മൻ
അരുളുന്നു

2 സന്ദേശമോർത്തുതവചൊൽപടിനടന്നിടാനായ്
സന്ദേഹമില്ല ഹൃദി ഭാരത ജനാവലീ നാം
കിം ദോഷമിന്നു ജളരായ ചിലർ നിന്നെവിട്ടു
നടകൊണ്ടാൽ

8 മദ്യോപഭോഗരുചി പൂണ്ടിഹ മദിച്ചവർക്കു
സദ്യോവിരക്തിപരമങ്കുരിതമായതിങ്കൽ-
ഹൃദ്യോപദേശമയമാസവ മതൊന്നിൽമാത്രം
രതിയാർന്നു

കാലുഷ്യമാർന്നുകലഹാകുലവിലോമ വൃത്ത്യാ
മാലുറ്റുവാണ ജനമണ്ഡലമഹോ! നിതാന്തം
കോലുന്ന സൗഹൃദമിയന്നു ഹൃദിമാഴ്കിടാതെ
വിലസുന്നു

മാദിദ്ര്യ ദുർഘട ദുരുദ്വഹ കഥദേവതയേ
ദൂരികരിപ്പതിനുതക്കൊരു മഹൗഷധം നീ
പൂരിച്ചമോദമോടുനൽകിനിജ നാട്ടുകാർക്കി
ന്നതിമാത്രം

ഘോരാപകാരനിരതന്നൊടിഹ ചെയ്യുവോർക്കു
സാരോപകാര മതിമാത്ര മരുളീടുവാനായ്
നേരായ് ജനാവലി പഠിച്ചതു ഭവാനിൽനിന്നും
ഗുണശാലിൻ

നിസ്സാരമാം ക്ഷണികകാമ്യസുഖകാംക്ഷ
യാലേ

ധ്വംസോന്മുഖം വലയുവോർക്കു മതിബോധ
മേറി മതിമാൻനീ

നീണാളിടുംസകല ലോകസുഖകാരിയാകും
ചേണാർന്ന കർമ്മ സമുദായ മിഹചെയ്ത തന്ത്രം
വാണീടുവാൻ നളിനലോചന ശിവൻഭവാനിൽ
കനിയട്ടെ.

ഗാനം 12

ശ്രീ രാഗം — ആദി

(ശ്രീ വേലായുധനേ പാഹിമാം എന്നമട്ട്)

ശ്രീ ഗാനംധേ വിജയ മസംതുതേ
ദുരിതാർണവതാരണതാമപരം (ശ്രീ ഗാനംധേ)

അനുപല്ലവി

പാരതന്ത്ര്യത്താൽ വല— ഞ്ഞീടുമിയാര്യാവർത്തം
പാരാതെ നിൻ പാതൃതമാരാൽ വരിച്ചീടുന്നു
(ശ്രീ ഗാനംധേ)

ചരണം

നീതിപഥം—വെടിയാതെ —സാധുജനാവലി
നിൻ നിദേശത്തെ—
ജാതിമതാദി വിഭാഗ വിചാര മതൊന്നും—
ഏശീടാതേറേം
നിർഭരശാന്തി സുഗന്ധ— സുവാഞ്ചിത മനസാ-
നിർവ്വഹിച്ചീടും—
ഈശസമർപ്പിത മായതിവേലം
കാമവിവർജിത കർമ്മസമൂഹം
അരുതരുതയിതവഹൃദിപരിതാപം
സുരുചിരതരവര ഗുണനിലയ (ശ്രീഗാനംധേ)

ഗാനം 13

(ആണ്ടിപ്പണ്ടാരം എന്നമട്ട്)

പല്ലവി

ധർമ്മ മാർമ്മിക ശുഭ - കർമ്മലാലസ! ജയ
ധർമ്മ മാർമ്മിക — ശുഭ കർമ്മലാലസ

ചരണങ്ങൾ

സാനന്ദമോഹാബ്ധിനൗക! മോഹനദാസകർമ്മ
ചന്ദ്രശ്രീ ഗാന്ധിദേവാ മാമുനിവംശചന്ദ്ര
ധർമ്മാധിദേവതയാം ഭാരത മാതാവിന്നു
ശർമ്മംവളർത്തീടുന്നകർമ്മയോഗീശ്വരനാം (ധർമ്മ)

ത്യാഗമാം തൂമരത്തിൻ തേനുറ്റ ചെങ്കനിയെ
ലോകസുഖാർത്ഥമെന്നും നിഷ്കാമകർമ്മം
ചെയ്യും (ധർമ്മ)

ദുരിതാജ്ഞാനതമോഭൂരികലാലാളിത
ഭാരത ഭാഗ്യപയോരാശിനിശാകരഭോ (ധർമ്മ)

ഗാനം 14

(രാമ ഭജനം ഏന്നമട്ട്)

പല്ലവി

ലോകഹൃദ കമലാകര ലോകബാന്ധവ

ചരണം

1 ജ്ഞാനഗോഗണംതൂകിക്കന്മഷതമോഭരം
ധൂനനം ചെയ്തീടാശു നീദീനവത്സല (ലോക)

2 കാമക്രോധാദി കവിമതവിദാരക
കാമജിത സമപ്രഭാവ! ജീവസുചിരം (ലോക)

3 ധൃതിവിജിതാചല - മതികതുകേനമേ
സ്തുതിമയപ്രസുനാഞ്ജലി സ്വീകരിച്ചാലും.
(ലോക)

ഗാനം 15

ചെഞ്ചുരുട്ടി ആദി

(ഇശന്ത ശൂരാ എന്നമട്ട്)

1 അനന്തയാളേ - തവസുകൃതോല്ക്കര ഫലമാകും
ഗാന്ധിയിന്നനന്തരായം ദിശിദിശിവീശുന്നൊ
ളിജാലം

2 കുലംകെടുക്കും കുടിലകുചരർ തൻ കുലമല്ലാ
താരുമേ (അനന്ത)
കലങ്കമേശാകുല ധനനിവനിൽക്കുറചൊല്ലാ-
(അനന്ത)

3 നിരർത്ഥമത്രേ നയന മഹോജനപദസേവാ
ശുഷ്ക്കമീ
നരോത്തമൻ തൻതിരുവുടൽ കാൺമാൻ
കഴിയായ്കിൽ

4 അലഞ്ഞുലഞ്ഞോരിവനുടെ തനുവിൽ കുടി
കൊള്ളും ശക്തിയി
ന്നലംസ്തുതിപ്പുമതിഗുണമേലും-
ജനമെല്ലാം (അന)

ഗാനം 16

ഖരഹരപ്രിയ — ആദി

(സുന്ദരപ്യാരി എന്നമട്ട്)

1 ശോകമോഹാദിഭൂത പുണ്യഭൂ സമുദ്ധാരക
പുണ്യഭൂസമുദ്ധാരക ഭവികമാർന്നു വാണീടുക

2 സാധുജനാനുകൂല! ചിദ്രസാർണ്ണവകല്ലോല
പാപമേഘവാതുല! ഭവ്യസൽഗുണാലവാല

3 നാട്ടാരിലേകയോഗക്ഷേമമാശു ചേർത്തീടു-
വാൻ
സദ്യോഗക്ഷേമവാനായ് വാണീടുന്നു നീ-
സദൈവ

4 സത്യവാന്മാരിലഗ്രൻ — സത്യപാലനത്തിൽ
വ്യഗ്രൻ
സത്യസമ്പൽ സമഗ്രൻ വാഴ്ക വാഴ്ക നീയ
വ്യഗ്രം

ഗാനം 17

സാവേരി —ആദി

(എന്തനേർച്ച നി എന്നമട്ട്)

ആരുവാനഹോ ഗാനധ്വിക്കുസമാനം
ചാരു—ഗുണാഢ്യ—നായിനിദ്ധരായാം (ആരു)

അനുപല്ലവി

ഭാരതഭൂദേവി സഞ്ചിതസൗഭാഗ്യ
പൂരമിങ്ങദ്വൈവസാഫല്യമാർന്നിതു (ആരു)

ചരണം

സ്വരാജ്യലബ്ധിക്കു സൗകര്യമേകാറെ
സൗഭ്രാത്രമറിഹവാണ ജനതയെ
സൗഹൃദരൂപമാം സൗഭയകതന്ത്ര്യാ
സൗമോധികനിവൻബന്ധിച്ചുഗാഡമായ് (ആരു)

ഗാനം 18

കാമോദരി രൂപകം

ഏമി മായാമോ എന്നമട്ട്

പല്ലവി

കർമ്മയോഗത്തിൻ മർമ്മവേദിയാം
ധർമ്മം കർമ്മലോല (കർമ്മ)

അനുപല്ലവി

ധർമ്മഭൂമി മോചനാർത്ഥം
ധർമ്മതന്ത്രം നിയതമേന്തിടുന്ന (കർമ്മ)

ചരണം

ദുർമ്മദമാകവേനീക്കി ജനങ്ങളിൽ
നിർമ്മലമാകിയ ബോധമിയറ്റുവാൻ
നിർമ്മമനീയിഹ യത്നിക്കുകയാൽ
ശർമ്മമേറ്റം വളരുമ റായിതു (കർമ്മ)

ഗാനം 19

കല്യാണി ആദി

(തയ്യലേ എന്നമട്ട്)

പല്ലവി

എന്തഹോ പരമൊരുമയിൽ ജനനിര
യിരിപ്പതിലതിശയം? (എന്ത)

അനുപല്ലവി

കാന്തിചേടകളേറെം ചിന്തും ചിദാബരത്തിൽ
ഗാനന്ധിരാജനിഹ നിതാന്തംവിലസീടവേ (എന്ത)

ചരണം

വാട്ടം, കലർന്നുപരം — നട്ടംതിരിഞ്ഞിടുന്ന
നാട്ടിങ്കൽ ശ്രീ വിലാസം — കൂട്ടിക്കലിതാനനന്ദം
നാട്ടും, വിജയക്കൊടി — യൊട്ടും വിളബംവിനാ
തിട്ടംതദർത്ഥം പണിപ്പെട്ടുവാഴ്കവേ ഗാനന്ധി
(എന്ത)

ഗാനം 20

(ഗാനന്ധിമഹാൻ പോലുണ്ടോ എന്നമട്ട്)

ഗാനന്ധിയെപ്പോലാരുവാൻ? ദിവ്യപ-
താപവാൻ - ഭൂരികാരുണ്യവാൻ.
ജഗദ്ഭീരാമൻ - വരഗുണസന്തോമൻ
രിപുകുലമദഭംഗം വീതഭംഗം

തോഹറാ

ചെയ്വതിനഹിംസാദി ഹേതിഗ
ണമേന്തി — സത-സമുൽഭൂതസത്വസമ്പന്നനായ്
ശാന്തി സമരേ ദ്ധ്യഡമേർപ്പെട്ട
മതിമാൻ — നിസ്തുലകാന്തിമാൻ -
വിസ്മൃതകീർത്തിഭൂമാ - വെഴുംധീമാൻ
ഘനശ്രീമാൻ (ഗാനന്ധിയെ)

ഗാനം 21

(തിരുവരുൾ പുരി എന്നമട്ട്)

1 ശുഭതരിസുമുദിതസകലസല്ലോക!
ശുഭമയി! വിതരയോഗി കുലഹീര!
2 ഹൃതനതജനകോപ! മഹിതപ്രതാപാ
ബുധജനഹൃന്നിലയ ദിവ്യമണിദീപ (ശുഭ)
3 വിദലിതകലിമല! ശമബലലോല
ജഗദ്ത്രയ വിനുത സുരഭിലലീലാ
4 വിധുരിതമധുരസവചനകലാപാ
വിധുമുഖവിധുതാഖിലപരിതാപ! (ശുഭ)

ഗാനം 22

ശിവനുമയിസ്തുതി എന്നമട്ട്

സുരഭിലസൽഗുണമന്ദിര! ജയ!
സാധുവിധേയ! ജനനയന
നിപേയവരകായ!
അമൃതമദഹരണചണഭാഷാ
ദലിതവിതതകലിജ ദോഷ!
കലിതനതഹൃദയപരിതോഷ!
മോഹനദാസ മാതൃദാസ (സുരഭില)

ഗാനം 23

(സ്വാമിവിവേകാനന്ദ എന്നമട്ട്)

(പല്ലവി)

സാധുസന്ദോഹാമല
ഹൃദയകലിതഖേല

അനുപല്ലവി

ഭാരതാംബ! പാദഭക്തി!
ജ്ഞാനമധുപാനസക്ത

തോഹരാ

പാലിത മാതൃഗോത്ര!
നിതാന്ത ശുചേരിത്ര! മഞ്ജുഗാത്ര!
ആലിയുഗ്മാദി ദേശകീർത്ത വിനുതിപാത്ര!
സംസാരാം ബുധി വഹിത്ര!

ചരണം

വീതിഹോത്ര സമ പവിത്ര!
ചാരുഗോത്ര ജ്ഞാനനേത്ര (സാധു)

ഗാനം 24

യദുകുലാംബോധി ആദി

(അല്ലിയെൻറു പേരുടയ എന്നമട്ട്)

ധർമ്മരേദേവതന്യാം കർമ്മഭൂമിജയിക്കണേ
കർമ്മശൂരൻ ഗാനധിയോഗി ശർമ്മമാർന്നു
പാലസണേ
ഭാരതാംബാ പാദപത്മ വരീവസ്യാപരായണം
ഘോരദുഃഖാ ഭോഗഭുക്കാം നേത്യലോകം
ജയിക്കണേ
ഭാരതിയർക്കെഴുന്നോരു പ്രപഞ്ചിക സുഖാ-
ഭീപ്സ
വേരറുക്കുമാധ്യാത്മിക ബോധമംശു-
പരക്കണേ
ജാതിവൈരം വെടിഞ്ഞെപ്പാ ഭാരതീയ ജനങ്ങളും
ജാതമോദം സാഹോദര്യമോവമാർന്നു വാണിടണേ.

ഗാനം 25

ചെഞ്ചുരുട്ടി ചായപ്പ്

(നാദബിനുദു ലോടി എന്നമട്ട്)

ഗാനധിരാജ! നൃവീര! നഃ നമഃ
ശാന്തിസൂനവിഹാര! നമോനമഃ

ദാന്ത ചിത്തവികാര! നമോനമോ! യതിവീര!
ത്യാഗശിക്ഷാഖലുര! നമോനമോ!
ഭോഗി ഭോഗ മയൂര! നമോനമോ
രാഘഭോഘ സമീര! നമോനമോ! ശുഭസാര
കന്മഷൗഘ കുഠാര! നമോനമാ
ജ്ഞാനവിത്ത കുബേര: നമോനമോ
മാതൃതാപ വിദാര! നമോനമോ ഗുണ പര!
വാരിരാശീഗഭീര! നമോനമോ
സൂരിചിത്തവിഹാര നമോനമോ
യോഗിവംശകരീര! നമോനമോ ഗുരുഹീര!

ബംഗാളി ഗാനങ്ങൾ

സുപ്രസിദ്ധ ഗ്രന്ഥകാരനായ ബങ്കിചന്ദ്ര ചാറ്റർജിയുടെ വന്ദേമാതരഗാനം.

ഗാനം 1

വന്ദേമാതരം
സുജലാം സുഫലാം മലയജ ശീതളാം
സസ്യശ്യാമളാം മാതരം
ശുഭ്രജ്യോൽസ്നാ പുളകിതയാമിനീം ഫുല്ല-
കുസുമിത ദ്രുമദള ശോഭിനീം
സുഹാസിനീം സുമധുരഭാഷിണീം സുഖദാം
വരദാം മാതരം (വന്ദേ)
കോടികോടി കണ്ഠ കളകളനിനാദ കരാളേ
കോടികോടി ഭുജൈധൃതകരവാളേ
കേബോലേ മാതുമി അബലേ
ബഹുബല ധാരിണീം നമാമി താരിണീം
രിപുദല വാരിണീം മാതരം (വന്ദേ)

തുമിവിദ്യാ, തുമിധർമ്മ, തുമിഹൃദി
മർമ്മത്വം ഹി പ്രാണാ.
ഗരിരേ, ബാഹുതേ തുമിമാ ശക്തിഹൃദയേ
തുമിഭക്തി തുമാരേ
പ്രതിമാഗാഡി മന്ദിരേ മന്ദിരേ
ത്വംഹി ദുർഗാ ദശ പ്രഹരണ ധാരിണീ
കമലാ കമലദല വിഹാരിണീ
വാണീവിദ്യാദായിനീ നമാമി ത്വാം
നമാമി കമലാം രുമലാം അതുലാം സുജലാം
സുഫലാം മാതരം (വന്ദേ)
ശ്യാമളാം സരളാം സുസ്മിതാം (ഭൂഷി)
താംധരണീം ഭരണീം മാതരം (വന്ദേ)

അർത്ഥം

ശുദ്ധജലത്തോടും മധുരോത്തര ഫലങ്ങളോടു കൂടിയവളും, മലയപവനനാൽ ശീതളയായി, സസ്യസമൃദ്ധികൊണ്ടു ശ്യാമളവർണ്ണയായി വെണ്ണിലാവിനാൽ പുളകിതമായ യാമിനിയാലും, വിടർന്ന സുമങ്ങളോടുകൂടിയ ദ്രുമദങ്ങളാലും ശോഭിതയായി; സുഹാസിനിയായി, സുമധുരഭാഷിണിയായി സുഖദയായി, വരദയായി ഇരിക്കുന്നവളുമായ മാതാവിനെ വന്ദിക്കുന്നു. കോടി കോടി ജനങ്ങളുടെ കണ്ഠങ്ങളിൽനിന്നും പുറപ്പെടുന്ന കള കള ധ്വനിയാൽ കരാളയായും കോടി കോടി ഭുജവല്ലികളിൽ ധരിക്കപ്പെടുന്ന കൈവാളുകളോടുകൂടിയവളായും ഇരിക്കുന്ന ഹേ മാതാവേ നിന്നെ ദുർബലയെന്നു ആരുപറയും! അതിബലത്തോടു

കൂടിയവളും, സംസാരസാഗരത്തിൽനിന്നു കര യേറുന്നവളും ആയ നിന്നെ ഞാൻ വന്ദിക്കുന്നു നീ തന്നെ വിദ്യാ: നീതന്നെ ഹൃദയം നീതന്നെ ധർമ്മം: നീതന്നെ മർമ്മം: നീതന്നെ ശരീര പ്രാണങ്ങളും: നീതന്നെ എന്റെ ബാഹുവിനുള്ളശക്തി; നീതന്നെ എന്റെ ഹൃദയത്തിലുള്ള ഭക്തി; നീതന്നെ ഓരോരോ ക്ഷേത്രത്തിലും കാണുന്ന പ്രതിമ.

നീതന്നെ ദശപ്രഹരണ ധാരിണിയായ ദുർഗ; നീതന്നെ കമലദള വിഹാരിണിയായ ലക്ഷ്മി; നീതന്നെ വിദ്യാദായിനിയായസരസ്വതി; നിന ക്കു വന്ദനം. ലക്ഷ്ണവതിയായും, പരിശുദ്ധയായും., നിസ്തുലയായും, സുഫലയായും, സുജലയായും, ഇരിക്കുന്ന മാതാവിനു വന്ദനം.

ശ്യാമളയും സരളയും ഭൂഷിതയും ഭരണചതുരയും ആയിരിക്കുന്ന മാതാവിനു വന്ദനം.

കവികുല ഭൂഷണമായ രവീന്ദ്രനാഥ ടാഗോറിന്റെ സ്വദേശ ഗാനം.

1 ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ
പഞ്ചാബ സിന്ധു ഗുജറാത മരാഠാ-
ദ്രാവിഡ ഉൽകല വംഗ-
വിന്ധ്യ ഹിമാചലയമുനാ ഗംഗാ ഉച്ഛല-
ജലധിതരംഗ

തവശുഭ നാമേജാഗേ തവശുഭ ആശിഷമാഗേ
ഗാഹേ തവജയ ഗാഥാ.
ജനഗണ മംഗല ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ ജയഹേ ജയഹേ ജയ ജയ ജയ ജയഹേ.

2 അഹരഹതവ ആഹ്വാന പ്രചാരിത ശുനി
വത ഉദാരവാണീ
ഹിന്ദു ബൗദ്ധസിഖ ജൈനപാരസിക
മുസൽമാന ക്രിസ്ത്യാനി
പൂരബ പശ്ചിമആസ തവസിംഹാസന പാസേ
പ്രേമഹാരഹയ ഗാഥാ
ജനഗണ ഐക്യവിധായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയ ജയ ജയ ജയഹേ.

പതന അഭ്യുദയ ബന്ധുര പന്ഥാ
യുഗ യുഗ ധാവിത യാത്രീ
തുമിചിരസാരഥി തവരഥചക്രേ
മുഖരിതപഥദിന രാത്രീ
ദാരുണ വിപ്ലവമാത്ധേ തവശംഖധ്വനി
ബാജേസങ്കടദുഖത്രാതാ
ജനഗണപഥ പരിചായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ ജയ ജയ ജയ ജയഹേ.

4 ഘോരതിമിര ഘന നിബിഡ നിശീഥേ
പീഡിത മൂർച്ഛിത ദേശേ
ജാഗ്രത ഹരിലതവ അവിചല മംഗല നതനയനേ
അനിമേഷേ
ദു:സ്വപ്നേ ആതംകേ രക്ഷാകരിലേ അംകേ
സ്നേഹമയീ തുമി മാതാ
ജഗജനദുഃഖത്രായക ജയഹേ ഭാരത ഭാഗ്യ-
വിധാതാ

ജയഹേ ജയഹേ ജയഹേ ജയ ജയ ജയ ജയഹേ

5 രാത്രി പ്രഭാതില ഉദീലരവികര പൂർവ്വഉദയ
ഗിരിഭാലേ
ഗാഹേ വിഹംഗമ പുണ്യസമീരണനവജീവന
രസനസ്ഫാലേ
തവകരുണാരുണ നിദ്രിത ഭാരത ജാഗേ
തവചരണേനത ഗാഥാ
ജയ ജയ ജയഹേ ജയരാജേശ്വര
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ ജയ ജയ ജയ ജയഹേ

അർത്ഥം

ജനസമൂഹത്തിന്റെ മനസ്സുകൊണ്ക്കു അധിനായികയും, ഭാരത ഭാഗ്യവിധാദിയും ആയുള്ള വളേ! പഞ്ചനദം, സിന്ധു, ഗുജറാത്ത്, മഹാരാഷ്ട്രം, ദ്രാവിഡം, ഒറീസ്സ, ബംഗാം, (എന്നീ ദേശങ്ങളും) വിന്ധ്യൻ, ഹിമാലയം, (എന്നീ പർവ്വതങ്ങളും) ഗംഗാ, യമുന (ഈ നദികളും) ഉച്ഛലജലധിതരംഗങ്ങളും, നിന്റെ പുണ്യനാമത്തിൽ വിളങ്ങുന്നു നിന്റെ ശുഭമായ ആശിസ്സിനെ തേടിക്കൊണ്ടിരിക്കുന്നു.

നിന്റെ വിജയഗാനത്തെപ്പാടുന്നു. ജനസമൂഹത്തിനു മംഗലമരുളുന്നവളും ഭാരത ഭാഗ്യവിധാത്രിയും ആയുള്ളവളേ! നീ സർവ്വോൽക്കർഷേണ വർത്തിച്ചാലും. സർവ്വത്രവ്യാപിച്ചിരിക്കുന്ന നിന്റെ മധുരമായ വിളികേട്ടിട്ട് ഹിന്ദു, ബൗദ്ധർ, സിക്ക്, ജൈനൻ, പാരസികർ, മുസൽമാൻ, ക്രിസ്ത്യാനി ഇത്യാദി എല്ലാ ജനങ്ങളും കിഴക്കുനിന്നും പടിഞ്ഞാറുനിന്നും രാത്രിയിലും പകലും പ്രേമഹാരത്തെ വഹിച്ചുകൊണ്ടും ഗാനംചെയ്തുകൊണ്ടും നിന്റെ സിംഹാസനത്തിനു അടുത്തുവരുന്നു.

ജനമണ്ഡലത്തിന്റെ ഐക്യവിധായികേ, ഭാരതഭാഗ്യവിധാത്രീ, നീ സർവ്വഥാ വിജയിക്കട്ടെ.

ജീവിതയാത്രികർ പതനാഭ്യുദയബന്ധുരമായ പന്ഥാക്കളിൽ കൂടി യുഗന്തോറും ധാവനംചെയ്യുന്നു. നീയാണു രാപ്പകൽ ഇടവിടാതെ രഥചക്രചംക്രമണത്താൽ മുഖരിതമായ മാർഗത്തിൽകൂടി അവക്കുചിരന്ധാരഥ്യം വഹിക്കുന്നതു. ദാരുണമായ വിപ്ലവത്തിനിടയ്ക്കു നിന്റെ ശംഖധ്വനി കേൾക്കുന്നു. നീയാണു സകലസന്താപഹാരിണി: ജനസമൂഹത്തിന്റെ മാർഗദർശിനിയും ഭാരതഭാഗ്യവിധായികയും ആയുള്ളവളേ, നീ ജയിക്കട്ടെ.

ഘോരതിമിരത്താൽ നിബിഡമായ രാത്രിയിൽ ദേശഭ്രമത്താൽ മൂർച്ചിതരായിരിക്കുന്ന അവസരത്തിൽപോലും നതജനങ്ങളുടെ അനിമേഷനേത്രങ്ങളിൽ നിന്റെ അവിചലമായ മംഗലം ജാഗ്രത്തായിരിക്കുന്നു. സ്നേഹമയിയായ ഹേ മാതാവേ! നീ

ദുഃസ്വപ്നത്തിലും | ആതങ്കമുണ്ടാവുമ്പോഴും അങ്കത്തിലിരുത്തി പരിപാലിക്കുന്നു. ജനമണ്ഡലത്തിന്റെ ദുഃഖഹാരിണി, ഭാരതഭാഗ്യവിധാത്രി! നീ സർവ്വോൽക്കർഷേണ വർത്തിക്കുക.

രാത്രി അവസാനിച്ചു! പ്രഭാതവേളയായി: രവി ഛവിയോടുകൂടി ഉദയാചലം പ്രാപിക്കാറായി. വിഹംഗങ്ങൾ പാടുന്നു; പുണ്യസമീരൻ നവമായ ജീവനരസത്തെ പ്രദാനംചെയ്യുന്നു: നിന്റെ കരുണാരുണരാഗത്താൽ നിദ്രിതരായ ഭാരതീയർ ഉണരട്ടെ

ഞാൻ നിന്റെ ചരണങ്ങളെ നമിക്കുന്നു. ഹേ രാജേശ്വരി, ഭാരതഭാഗ്യവിധാത്രി! നീ സർവ്വഥാ ജയിക്കട്ടെ.

ഹിന്ദി സ്വദേശഗാനം

സ്വാമി സത്യദേവൻ രചിച്ചത്

ഭാരത ഹമാരാദേശഹൈ ഉസ്കാഹിതനിശ്ചയ
ചാഹോഗേ; ഉസ്കേഹിതകേകാരണ
ഹകുഛ്ന കുഛ് കർജായേംഗേ
ഭാരത ഹമാരീ മാതൃഭൂമീ, ഉസ്കാ പ്രേമ ഹം
പർ ഹൈ ബഹുത്
ഉസ്കോ ഹടാനേ കേലിയേ ഹംകുഛ്നകുഛ്
കർ ജായേംഗേ (ഭാരത)
ഭാരത കീ ദുഃഖ്പദ അവനതിപർ ഹം
ക്യോം നഹിം അശ്രുബഹായേംഗേ
ഉസ്കോ മിട്ടാനേ കേലിയേ ഹംകുഛനകുഛ്
കർജായേംഗേ (ഭാരത)

ധർമ്മ വിദ്യാ ഔർ ധൻസേ ഉന്നതി
ഭാരത കീ ഹോവേ
ഉസ് ഉന്നതീകേ മാർഗമേ ഹം കുഛനകുഛ്
കർജായേംഗേ (ഭാരത)

സംസാർ കേ ഉദ്ധാർ ഹേതു കഷ്ണ ജബു
ജൈൽമേ
ഫിർഭീ ഹം ക്യോം ഡരേംഗേ ജേൽമേഭീ
ജായേംഗേ
ചാഹേ ജീത്നാ കഷ്ട ഹം പർക്യോം ന
ഹോവേ ഇസ്കേലിയേ
സബ് സഹേംഗേ മർമീടേംഗേ
കുഛനകുഛ് കർജായേംഗേ (ഭാരത)

അർത്ഥം

ഭാരതം നമ്മുടെ ദേശമാണ്. അവളുടെ ഹിതം നാം അവശ്യം ചെയ്യേണ്ടതാകുന്നു. അവളുടെ ഹിതത്തിനായി നമ്മം കഴിവുള്ളതു നമുക്കു ചെയ്തുകൊണ്ടിരിക്കാം. ഭാരതം നമ്മുടെ ജന്മഭൂമിയാണ്; അവളോടു നാം വളരെകടപ്പെട്ടിരിക്കുന്നു. അതിനെ പരിഹരിക്കുന്നതിനുവേണ്ടി നമ്മളാലാവതു നമുക്കു ചെയ്തുകൊണ്ടിരിക്കാം-

ഭാരത ഭൂമിയുടെ ദുഃഖപ്രദമായ അവനതിക്കുണ്ടിട്ടു നാം അശ്രുതൂകാത്തതെന്തു? ദയനീയാവസ്ഥയെ നീക്കുന്നതിനു നമ്മളാവതു ചെയ്തുകൊണ്ടിരിക്കാം.

ധർമ്മം. വിദ്യ ധനം; ഇവയാൽ ഭാരത ഭൂമി ഉന്നതിയെ പ്രാപിക്കട്ടെ. ആ ഉന്നതിക്കുവേണ്ടി

നമ്മാലാവതു പ്രയത്നിച്ചുകൊണ്ടിരിക്കാം. പപഞ്ചോദ്ധരണത്തിനുവേണ്ടി ശ്രീകൃഷ്ണൻ ജയിലിൽ ജനിച്ചു: അങ്ങനെയിരിക്കെ നാം എന്തിനു ഭയപ്പെടുന്നു? വേണ്ടി വന്നാൽ നമുക്കും ജയിലിൽ പോകാം. ഇതിനുവേണ്ടി എന്തു കഷ്ടം നാം അനുഭവിക്കേണ്ടിവന്നാലും നാം സഹിക്കാം. മരിച്ചുപോയാലും പോട്ടേ; വല്ലതും ചെയ്തുകൊണ്ടാവണം അത്.

ഗാനം 3

ദേശഭക്ത ശ്രീമതി സരളാദേവി ചൗധരാണി രചിച്ചത്.

നമോഹിന്ദുസ്ഥാൻ

അതീവ ഗൗരവ വാഹിനി മേരിവാണീ
ഗാ ഓ ആജ് ഹിന്ദുസ്ഥാൻ
മഹാസഭാ ഉന്മാദിനി മേരീവാണീ
ഗാ ഓ ആജ് ഹിന്ദുസ്ഥാൻ
കരോ വിക്രമവിഭവ യശസൗരഭപൂരിത
വഹിനാഗാൻ

വംഗവിഹാര അയോധ്യാമദ്രസമാരഗുജരനേപാ
ലപഞ്ചാബരാജപുത്താൻ
ഹിന്ദുപാർസിഔജൈനഇസായി സിഖമുസൽമാൻ
ഗാ ഓ സകലകൂരേ സകലഭാഷേ നമോ
ഹിന്ദുസ്ഥാൻ

ഹര ഹര ഹര ജയ ഹിന്ദുസ്ഥാൻ
സത് ശ്രീ അകാൽ ഹിനുസ്ഥാൻ

അല്ലാഹോ അക്ബർ ഹിന്ദുസ്ഥാൻ
നമോഹിന്ദുസ്ഥാൻ
ഭേരിപുനാശിനി മേരീവാണി
ഗാ ഓ ആജ് ഐക്യഗാൻ
മഹാബല വിധായിനീ മേരി വാണി ഗാ ഓ
മിലാ ഓ ദുഃഖേ സുഖ്യേ സഖ്യേ ലക്ഷ്യാ.
കായമന

പ്രാണ—വംഗ വിഹാര .....
ഹരേമുരാരേ ഹിന്ദുസ്ഥാൻ
ദാദരഹോര മജദഹിന്ദുസ്ഥാൻ
അല്ലാഹോ അക്ബർ ഹിന്ദുസ്ഥാൻ
സകലജന ഉത്സാഹിനീ മേരീ വാണി
ഗാ ഓ അജനവതാൻ
മഹാജാതി സംഗിനി മേരി വാണി
ഗാ ഓ അജനവതാൻ
ഉഠാഓ കർമ്മനിശാനധർമ്മവിശാന ബജാഓ
ചിതായേ പ്രാണ
വംഗവിഹാര.....
ജയ ജയ ബ്രഹ്മന ഹിന്ദുസ്ഥാൻ
ജയജിഹൗവാ ഹിന്ദുസ്ഥാൻ
അല്ലാഹോ അക്ബർ ഹിന്ദുസ്ഥാൻ
നമോ ഹിന്ദുസ്ഥാൻ

ശുഭം



രണ്ടാം ഭാഗം

മഹാത്മാ

ഗാന്ധി ഗീതങ്ങൾ

ഗ്രന്ഥകർത്താ

ആർ. പി. ബി. .എ

പ്രകാശകൻ

ജി. പി. പിള്ള

ഒന്നാംപതിപ്പ് 1000.

1097

വില ചക്രം 5

രണ്ടാം ഭാഗം

ഗാന്ധി ഗീതങ്ങൾ

ഗീതം 1 ആദിതാളം

(രാമജനന എന്നമട്ട്)

പല്ലവി

ലോകഹൃൽ കമലാകര ലോകബാന്ധവ! (ലോക)

ചരണം

1 ജ്ഞാനഗോഗണം തൂകി-കന്മഷ തമോഭരം
ധൂനനംചെയ്തീടാശുനീ-ദീനവത്സല! (ലോക)

2 കാമക്രോധാദിക-വിമതവിദാരക!
കാമജിൽസമ പ്രഭാവ-ജീവസുചിരം. (ലോക)

3 ധൃതിവിജിതാചല-മതികുതുകേനമേ
സ്തുതിമയ പ്രസൂനാഞ്ജലി-സ്വീകരിച്ചാലും
(ലോക)

(ഗീതം 2 തിരുപ്പുകഴ്ച, ചെഞ്ചുരുട്ടിആദി)

(ഇശൈന്തശൂരാ എന്നമട്ട്)

1 അനന്തയാളേ, തവസുകൃതോൽക്കര; ഫലമാകും-
ഗാന്ധിയീ
ന്നനന്തരായം, ദിശീദിശിവീശു, മൊളിജാലം
(അന)

2 കുലംകെടുക്കും, കുടിലകുചരർതൻ, കുല-
മല്ലാതാരുമേ
കലങ്കമേശാ, ക്കുലധനനിവനിൽ കുറചൊല്ലാ.
(അന)

3 നിരർത്ഥമത്രേ, നയനമഹോജന, പദസേവാ-
ശുഷ്കമീ

4 നരോത്തമൻ, തന്തിരുവുടൽകാൺമാൻ, കഴി-
യായ്കിൽ (അന)

4 അലഞ്ഞുലഞ്ഞോ. രിവനുടെ തനുവിൽ.
കുടികൊള്ളും ശക്ത"യി
ന്നലംസ്തുതിപ്പൂ. മതിഗുണമേലും ജനമെല്ലാം
(അന)

(ഗാനം 3 ശങ്കരാഭരണം)

(പൊന്നാർ മേനിയോമനെ എന്നവട്ടം)

1 ഗാനധീ! നിൻകീർത്തിസുമ, സൌഗന്ധ്യം-
പരക്കുമൂലം
മാനദ്യംവളർന്നീടുന്നു, സമ-സ്തേനദ്രിയ-
ങ്ങൾക്കും നൃണാം (ഗാ)

2 ഭാരതാംബയുടെ, പുരു-ഭാഗ്യശേവധിയാം നീ
ഭൂരികരുണയാതൽ, ഗുരു-ഭാരം ശമിപ്പിച്ചാലും
(ഗാ)

3 ഭാനുഭാനുകോടീ, സമ-ഭാസാവിളങ്ങും ദേശ-
കീർത്തിപവർചൂടും, വര-മുകുതാഫലമേ ജയ
(ഗാ)

4 മൌലണ്ണാ-മാരാകിയ, സാധു-മമ്മദാലിയും-
ഷൌക്കു-
ത്താലിയും-, നിന്നുടയ രണ്ടു-കൈകളായ്-
വിലസുന്നു (ഗാ)

5 മുപ്പത്തുകോടിജനം, ഭവ-ദാജ്ഞാനുവർത്തി-
കളായ്
കുഷേമംനിനക്കണവാ, നായി-ട്ടുഷിണം-
പ്രാർത്ഥിക്കുന്നു (ഗാ)

6 നേരില്ലെങ്കിലുംതേ, ഹൃദി-നേരില്ലെന്നേവൻ-
ചൊല്ലും
നേരാംനിൻ, ദൈവതത്തെ, സദാ-നേരെ ഭജിച്ചു-
വാഴുക (ഗാനധേ)

ഗീതം 4 ഹിന്ദുസ്ഥാനി തോടി
(മോരീജംഘന എന്നമട്ട്)

പല്ലവി

കൌശേയാംശുക പാളിയിലരുതേ
കൌതുകമിന്ത്യൻ നാരികളേ.

അനുപല്ലവി

വൈദേശികമാം വാസോനിവഹം
വൈശ്വാനരനാ-യർപ്പിച്ചിടുവിൻ. (കൌശേ)

ചരണം

സംഗതമാമേ - സ്വാരാജ്യനിമോം
സ്വരാജ്യപദവി . സാധ്വികളേ. (കൌശേ)

(ഗീതം 5 ശഹന ചായ്പ്)
(അയ്യാ പളനിമലൈ വേല എന്ന മട്ട്)

1 തായേ! ഹരിതരുചികായേ! വര
മാമുനിമാർകുലഗേയെ
സൌഭാഗ്യശാലിനി നീയേ—ഗാന്ധി-
യ്ക്കമ്മയായോളതിമായേ. (തായേ)

2 ശ്യാമേ, ത്രിജഗദ്ഭീരാമേ ഫുല്ല-
പുഷ്പാഞ്ചിതദ്രുമസ്തോമേ
ത്രൈമാർഗ്ഗവോദിതരാമേ-കള-
കണ്ഠീരുതാഞ്ചിതരാമേ. (തായേ)

3 സ്വാദിഷ്ഠംസൽഫലമൂലേ- പുരു-
പുണ്യതരംഗിണീ ജാലേ
ലോകോത്തരഗുണശീലേ - നിന.
ക്കാമയമെന്തിനിക്കാലേ? (തായേ)

4 പ്രകൃഷ്ടാളിതാഖില പാപേ മനുദ-
4 ഭാഗ്യർക്കതീവദു-രാപേ
ദാസ്യം കൊതിച്ചുസ_മീപേ വാഴും
ഗാനുധിയെപാർക്ക സുലാപേ (തായേ)

ഗീതം 6

(പാണ്ടിയേനെൻറമിനാകുഷി എന്ന വർണ്ണ മട്ടു്)

ശർമ്മദേ, ധർമ്മഭൂദേവി ശോഭനം താന്തവഭാവി
നിന്മകൻ ഗാനുധിമേധാവി വാഴ്വതു കാൺശുഭം
താവി-മേദുര (ശർമ്മദേ)

ഘോരതാപവാരിധിയിൽനിമഗ്നയായു്
പരിഭവിച്ചിരിപ്പതു നന്നോ
ദീനദൈന്യദമനൻതവസൂനുവായ്വ
ന്നാൽ—തായേ—തായേ—തായേ.
ഭാസുരേ ഭാവഗംഭീരേ കാൺകനിൻ പുത്രരേ ധീരേ
ആത്മികാ യോധനഘോരേ ശീഘ്രമർപ്പെട്ടതും-
നേരെ.

മേദുര— (ശർമ്മദേ)

സാധുലോകസിനുധുഹംസമായ്വിളങ്ങും
യതികലാവതംസംഗാനുധി
നേതൃത്വമാർന്നു വാഴ്കവേ കിമുഖേദമയിതേ.
തായേ—തായേ (ശർമ്മദേ)

ഗീതം 7

(പഞ്ചാമൃതം തേൻമകിഴും എന്ന മട്ടു്)

പല്ലവി

പഞ്ചാമൃതം തഞ്ചിടുന്ന ഗാനമെന്തിഹ കേൾപ്പതും?
പ്രേമത്തിൻ തൂവിളിയോ?
ത്യാഗദുധ്വാനാവിളയോ?
മുറയ്ക്കുനൂൽപ്രകം കറക്കും നേരത്തു
പരക്കും സ്വരാജ്യമുഴക്കം താനിതു (പഞ്ചാമൃതം)

കല്യാണിനീ!: ഭാരതാംബ! ഭാഗ്യമേതപഭാഗ്യമേ!(പഞ്ച)
അർക്കായുത പ്രഭയോ!
കാലാഗ്നിജിഹ്വാവലിയോ!
തെരിക്കെന്നിദ്ധര-പരക്കെക്കൊൺമതു?
പെരുക്കും ഗാനധിതൻ-തപസ്സിൻശക്തിതാൻ.
(പഞ്ച)

(ഗീതം 8 ശങ്കരാഭരണം ആദി)

പല്ലവി

ജീവഹേഭുവി, ചിരം ജീവഹേ ഭുവി.

അനുപല്ലവി

ഭവസാഗര താരകയാകിയ
ഭവപുണ്യാബ്ധി സംഭവതൻ കൃപയാ

ചരണം

താവകസൽക്കഥാ—പീയൂഷരാശിയിൽ
ഭുവനനിവാസിനാം—ശ്രോത്രമനാരതം.
അവഗാഹനംമുദാ—ചെയ്കയാലേറവും
പാവനചിത്തരായ്-തീർന്നിതിന്നേവരും

ഗീതം 9 ഖരഹരപ്രിയ ആദി
(വിടമു ശായാ എന്ന മട്ട്)

പല്ലവി

കരുണാകരശ്രീ ഗാനധി!
വിലസുക നീ ഭൂമൌ (കരുണ)

അനുപല്ലവി

നിടിലാക്ഷനുടെ-കുടിലാളകത
ന്നടിയാർമുടിയായ്-പുണ്യഭൂസുഖാർത്ഥം
(കരുണാ)

ചരണം

രാഗദ്വേഷാദികമാമരികം
ക്കാഗസ്സനിശം ചേർത്തുഹൃദയേ
ജ്ഞാനരൂപ ദിവ്യദീപംദീപ്തമാ
ജ്ഞാനീരൂപം ഭക്ത്യാനിതരാം
ധ്യാനമാർന്നു മരുവീടുന്നൊരു
പരിപാവന!തേ ചരണംമേലിൽ
പരിപന്ഥികളും പരിപൂജിച്ചീടും (കരുണാ)

ഗീതം 10 (ഹിന്ദുസ്ഥാനി തോടി ഏകതാളം)
(ആനന്ത-മാനന്ത-മാനന്ദമേ എന്ന മട്ട്)

പല്ലവി

ഇന്ദിരാ-സുന്ദര-മന്ദിരമേ! ഭാര
താമന്ദ-നന്ദശി - കന്ദളമേ (ഇന്ദിരാ)

അനുപല്ലവി

ധർമ്മ്യധർമ്മ-ലോലുപനേ!
ധർമ്മഭൂമി-ശർമ്മദനേ! (ഇന്ദിരാ)

ചരണം

അൽപിതകൽപ്പകശിവപദമൂലേ
അൽപേതരാനന്ദാനവിലോലേ!
സാമോദംവാഴും യതികുലമൌലേ!
മംഗലമസ്തുതേ തുംഗാനുഭാവ! (ഇന്ദിരാ)

(ഗീതം 11 അഠാണ ചായ്പ്)

(മൃത്യുഞ്ജയനുടെ കൽപനയിങ്ങനെ എന്ന മട്ട്)

1 ഭാരതാംബേ-തവ-ഭാരം ശമിക്കുവാൻ
കാലമടുത്തിതേറ്റം-പരം
ഭാസ്വത്തായീടും-നിൻ-പാദം പണിയുന്ന
ഗാനധ്വനിയെക്കണ്ടതില്ലേ.

2 ഭാസ്ക്കരനസ്തമിച്ചീടാതെഴും-ബ്രിട്ടീഷ്—
സാമ്രാജ്യശ്രീമകുടീ—ഭൂത—
യാളായ്നീ—സ്വാതന്ത്ര്യ-പൂർവ്വംവിലസുക
ലോകാനാം നാനംവരെ.

4 താരുണ്യശ്രീപെറും—കാരുണ്യശാലിയാം
ഗാനധ്വനിമഹാത്മാ ചിരം—ഭൂവി—
താരാധി—നാഥകരായുത-കോമള—
കീർത്ത്യാവസിച്ചീടണം.

ഗീതം 12 ബ്യാഗ് രൂപകം

(ഈവിരഹമേടുലോ — എന്ന മട്ട്)

പല്ലവി

മംഗളമിഹ - ചേർത്തീടേണമി—ന്നധുനാ

ചരണം

1 പട്ടുനൂലിൽകോർത്തചാരു—പുഷ്പമാലപോൽ
നാട്ടാരതിപ്രേമബദ്ധ—രായഹോജവാൽ (മംഗ)

2 താരാർമാതിൻലാസ്യമിത—വന്നുചേരുവാൻ
തീവ്രമായയത്നജാല—മാർന്നുതുംഗമാം (മംഗ)